**കേരള കാർഷിക സർവ്വകലാശാല**
**ഇൻസ്ട്രക്ഷണൽ ഫാം**
**കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ടെക്നോളജി**
തവനൂർ–679 573, മലപ്പുറം (ജില്ല), കേരളം
ഇ–മെയിൽ : farm.kcaet@kau.in, ഫോൺ: 0494–2686215

നമ്പർ: ഐ.എഫ്–1171/2022 തിയതി: 12.01.2024

## ക്വട്ടേഷൻ നോട്ടീസ്

ഈ സ്ഥാപനത്തിലെ ഫാമിൽ ഡബ്ലിയു.സി.ടി. നാളികേരം ഒന്നാം തരം, രണ്ടാം തരം എന്നിവ ലേലം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ/ലേലം തഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ച് കൊള്ളുന്നു.

| ലേലം ചെയ്യുന്ന ഇനം | എണ്ണം | നിരതദ്രവ്യം |
|---|---|---|
| ഡബ്ലയു.സി.ടി തേങ്ങ (ഒന്നാം തരം) | 2400 | 500 രൂപ |
| ഡബ്ലയു.സി.ടി തേങ്ങ (രണ്ടാം തരം) | 1050 | 500 രൂപ |

### സമയക്രമം

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 23–01–2024 രാവിലെ 11 മണി വരെ |
| ലേലം ആരംഭിക്കുന്ന സമയം | അന്നേ ദിവസം രാവിലെ 11.30 |
| ക്വട്ടേഷൻ തുറക്കുന്ന സമയം | ലേലത്തിന് ശേഷം |
| ക്വട്ടേഷൻ/ലേലം വിളിക്കുന്ന സ്ഥലം | ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ |

ക്വട്ടേഷൻ/ലേലം നിബന്ധനകൾ

1. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് 'ഡബ്ലിയു.സി.ടി. നാളികേരത്തിനുള്ള ക്വട്ടേഷൻ' എന്ന് വ്യക്തമായി എഴുതി പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ നിരക്ക് അക്കത്തിലും അക്ഷരത്തിലും എഴുതി പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.ടി., തവനൂർ എന്ന വിലാസമെഴുതിയ മുദ്ര വെച്ച കവറിൽ നൽകേണ്ടതാണ്.
3. ക്വട്ടേഷൻ സമർപ്പിക്കുന്നവരും/ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത്/ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി 1,000/– രൂപ കെട്ടിവെക്കേണ്ടതാണ്. അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല/ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
4. ക്വട്ടേഷനിലോ/ലേലത്തിലോ ഏതിലാണ് കൂടുതൽ വില ലഭ്യമാകുന്നെന്ന് കണക്കിലെടുത്ത് സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
5. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതായിരിക്കും.
6. ക്വട്ടേഷൻ /ലേലം ഉറപ്പിച്ച കഴിഞ്ഞാൽ പ്രസ്തുത വ്യക്തി ക്വട്ടേഷൻ /ലേലം തുകയുടെ മൂന്നിൽ ഒരു ഭാഗം അന്നേ ദിവസം തന്നെ കെട്ടിവെക്കേണ്ടതും ബാക്കി തുക ഒരാഴ്ചക്കകം അടക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കകം തുക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്വട്ടേഷൻ /ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ /ലേലം റദ്ദ് ചെയ്യുന്നതും അടച്ച തുക സർവകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
7. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ /ലേലം തിയ്യതി മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
8. പ്രവൃത്തി ദിവസങ്ങളിൽ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ നാളികേരം ഫാമിൽ നിന്ന് പുറത്ത് കൊണ്ട് പോകാൻ പാടുള്ളൂ. ഉൽപ്പന്നങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതാണ്.
9. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ/ലേലം ഉറപ്പിച്ച തീയതി മുതൽ 7 ദിവസത്തിനകം നാളികേരം കോണ്ടു പോവേണ്ടതും, ഇല്ലാത്ത പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ

സാധനങ്ങൾ പുനർലേലം ചെയ്യുന്നതും ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

10. നാളികേരം കൊണ്ട് പോകുന്ന സമയത്തോ ഫാമിലെ കാർഷിക വിളകൾക്കോ മറ്റ് വസ്തുക്കൾക്കോ നാശമുണ്ടായാൽ ആയതിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
11. യാതൊരു കാരണവും കാണിക്കാതെ ഈ ക്വട്ടേഷൻ /ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അധികാരം ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനവും എടുക്കാനുള്ള അധികാരം ഈ സ്ഥാപനത്തിന്റെ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
12. സർക്കാർ ക്വട്ടേഷന്റെ/ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്/–
ഡോ. അബ്ദുൽ ജബ്ബാർ പി .കെ
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് :–

1. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
2. നോട്ടീസ് ബോർഡ് (മെയിൻ ഗേറ്റ് )
3. നോട്ടീസ് ബോർഡ് (കാന്റീൻ)

പകർപ്പ്:–

1. ഫാം സൂപ്രണ്ട്
2. കെ.എ.യു/കെ.സി.എ.ഇ.ടി വെബ്സൈറ്റ്
3. കരുതൽശേഖരം